## പതിനാലാം കേരള നിയമ സഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 46 28.06.2016 -ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. വി.ഡി സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽ ദോസ് കുന്നപ്പിള്ളി<br>ശ്രീ. ഹൈബി ഈഡൻ | **പിണറായി വിജയൻ**<br>**(മുഖ്യ മന്ത്രി)** |
| (എ) | മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നത് സംബന്ധിച്ച് മുൻ ഗവൺമെന്റിന്റെ നയം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിനും മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയണമെന്ന് 2009 ജൂലൈ 24-ന് ഈ നിയമസഭ പാസ്സാക്കിയ ഉപക്ഷേപത്തിന്റെ വെളിച്ചത്തിൽ അണക്കെട്ട പണിയണമെന്നതായിരുന്നു മുൻ സർക്കാരിന്റെ കാലത്തെയും നയം. |
| (ബി) | ഇത് സംബന്ധിച്ച് നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) ഉണ്ട്. കേരള നിയമസഭ 2009, 2012, 2014 എന്നീ വർഷങ്ങളിൽ ഈ വിഷയത്തിൽ |

(..2)

ഏകകണ്ഠമായി പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അവയുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I, II, III എന്നിങ്ങനെ ചേർക്കുന്നു.

(സി) ഈ വിഷയം സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ ഗവൺമെന്റിന്റെ ഈ വിഷയത്തിലുള്ള നിലപാടിനു വിരുദ്ധമായ നിലപാട് സ്വീകരിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ?

(സി) യും (ഡി) യും മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കേരള ജനതയുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പു വരുത്തുന്നതിലേക്കായി സാങ്കേതികവും നിയമപരവുമായ സാദ്ധ്യതകൾ പരിശോധിച്ച് പുതിയ അണക്കെട്ട് നിർമ്മിക്കണം എന്നതാണ് പുതിയ സർക്കാരിന്റെ നയം.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## 2009 ജൂലായ് 24-ാം തീയതി കേരള നിയമസഭ പാസ്സാക്കിയ ഉപക്ഷേപം

"നൂറ്റിപ്പതിമൂന്ന് വർഷം പഴക്കമുള്ള ദുർബ്ബലമായ മുല്ലപ്പെരിയാർ ഡാം കേരളത്തിലെ നാല് ജില്ലകളിലെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് നിരന്തരമായ ഭീഷണി ഉയർത്തി വരികയാണ്. ഭൂചലന സാദ്ധ്യതയേറിയ മേഖലയിൽ സ്ഥിതി ചെയ്യുന്ന ഡാമിലെ വിള്ളലുകളും ചോർച്ചയും അടിക്കടി വർദ്ധിച്ചു വരുന്നുവെന്നത് ജനങ്ങൾക്കിടയിൽ കനത്ത ആശങ്ക പരത്തികൊണ്ടിരിക്കുന്നു.

1979 ൽ കേന്ദ്ര ജലകമ്മീഷൻ പഠനം നടത്തി ഒരു പുതിയ ഡാം അനിവാര്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള സ്ഥലം പരസ്പര സമ്മതത്തോടെ തമിഴ്നാടും കേരളവും സംയുക്തമായി സർവ്വേ നടത്തി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് പുതിയ ഡാം നിർമ്മിക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്ന് കേരളം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ സുരക്ഷയ്ക്കും തമിഴ്നാടിന് വെള്ളം ലഭ്യമാക്കുന്നതിനും ഒരു പുതിയ ഡാം നിർമ്മിക്കുക എന്ന കേരളത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് അനുയോജ്യമായ നേതൃത്വം നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുന്നു.".

പി.ഡി. രാജൻ,
സെക്രട്ടറി.

Section Officer

**കേരള നിയമസഭ 2012 ജൂലൈ 6-ാം തീയതി**

**പാസ്സാക്കിയ പ്രമേയം**

കാലപ്പഴക്കവും തുടർച്ചയായി ഉണ്ടാകുന്ന ഭൂകമ്പ ഭീഷണിയും അതിവൃഷ്ടിയും മൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും ഡാമിന്റെ നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ സുരക്ഷയെ കരുതി പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു. പുതിയ ഡാമിന്റെ നിർമ്മാണംവരെ നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 36.576 മീറ്റർ (120 അടി) ആയി താഴ്ത്തുവാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണത്തെ തുടർന്ന് നിലവിൽ നൽകുന്ന അതേ അളവിൽ തന്നെ തമിഴ്നാടിന് വെള്ളം ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്നും "കേരളത്തിന് സുരക്ഷ - തമിഴ്നാടിന് ജലം" എന്ന സമീപനത്തിൽ കേരളം ഉറച്ചുനിൽക്കുമെന്നും കേരള നിയമസഭ അസന്ദിഗ്ദ്ധമായി ഉറപ്പുനൽകുന്നു.

**പി. കെ. മുരളീധരൻ,**

**സെക്രട്ടറി (ഇൻ-ചാർജ്ജ്)**

Section Officer

Bro ... -III

## 2014 ജൂൺ 9-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ഉപക്ഷേപം

" 119 കൊല്ലം പഴക്കമുള്ള മുല്ലപെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് കേരള ജനതയ്ക്കുള്ള ആശങ്ക ഇന്നും നിലനിൽക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷയും തമിഴ്നാടിന് വെള്ളവും ലഭ്യമാക്കുന്നതിന് ഒരു പുതിയ ഡാം നിർമ്മിക്കുക എന്നതാണ് ആത്യന്തികമായ പരിഹാരം. 1979-ൽ കേന്ദ്ര ജല കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് പുതിയ ഡാമിനു വേണ്ടി കേരളവും തമിഴ്നാടും യോജിച്ച് സ്ഥലം കണ്ടെത്തുകയുണ്ടായി. പുതിയ ഡാം നിർമ്മിക്കുന്നതു സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും തമ്മിൽ ധാരണയുണ്ടാക്കുവാൻ കേന്ദ്ര ഗവൺമെന്റ് മദ്ധ്യസ്ഥം വഹിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തിയാൽ സമീപ പ്രദേശത്തെ വനങ്ങളുടേയും വന്യജീവികളുടേയും അപൂർവ്വ സസ്യജാലങ്ങളുടേയും നാശത്തിന് കാരണമാകും. നിലവിലുള്ള വനം, വന്യജീവി, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുവാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം മുല്ലപ്പെരിയാർ ഡാമിന്റെ താഴെ വസിക്കുന്ന നാൽപത് ലക്ഷത്തോളം ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകാവുന്ന വിപത്തും ഇതുണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പരിഗണിച്ച് ഈ വിഷയം ഭരണഘടനയുടെ 143-ാം അനുച്ഛേദം അനുസരിച്ച് ബഹു. രാഷ്ട്രപതി സുപ്രീം കോടതിക്ക് റഫർ ചെയ്യണമെന്ന് ഈ സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു."

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

Section Officer